**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5612** **16-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ഒരു വിജ്ഞാന സമൂഹമായി വളർത്താനുള്ള നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഒരു വിജ്ഞാന സമൂഹം ആയി വളർത്താനുള്ള നയം സർക്കാർ സ്വീകരിച്ചിരിക്കെ തദ്ദേശീയമായ അറിവുകളെ വിജ്ഞാന സമൂഹത്തിലേക്ക് ഇന്റഗ്രേറ്റ് ചെയ്യുന്നതിനും അതിനെ ഉല്പാദന മേഖലയുമായി ബന്ധപ്പെടുത്തുന്നതിനും എന്തെങ്കിലും പദ്ധതികളോ പഠനങ്ങളോ നടത്തുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (എ) | നൈപുണി വികസനം, നവീകരണം, ഡിജിറ്റൽ പരിവർത്തനം എന്നിവ വഴി പ്രാദേശിക സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഗ്രിടെക്, എംഎസ്എംഇ, ആയുർടെക് വെൽനസ്, ഫിൻടെക്, റിന്യൂവബിൾസ്, ജെറിയാട്രിക് കെയർ എന്നിങ്ങനെ ആറ് മേഖലകളിലെ തദ്ദേശീയമായ അറിവുകളെ വൈജ്ഞാനിക സമൂഹവുമായി ഇന്റഗ്രേറ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുവേണ്ടി സ്റ്റാർട്ടപ്പുകളുടെയും വ്യവസായ അസോസിയേഷനുകളുടേയും പങ്കാളിത്തത്തോടെ നൂതനമായ പരിവർത്തനങ്ങൾക്കായി പ്ലാറ്റ്ഫോം കോപ്പറേറ്റീവുകൾ സൃഷ്ടിക്കാനും അതിനാവശ്യമായ സാങ്കേതികവിദ്യകൾ ലഭ്യമാക്കാനും ലക്ഷ്യമിടുന്നു. വ്യാപാര മേഖലയുടെ ഡിജിറ്റൽ പരിവർത്തനം, എഡ്യൂടെക്, ഹെൽത്ത് ടെക്, ഉത്തരവാദിത്ത ടൂറിസം, മാധ്യമങ്ങൾ, വിനോദം, ഐടി/ ഐടിഇഎസ്, ഇലക്ട്രോണിക്സ്, ഹാർഡ് വെയർ, കമ്മ്യൂണിക്കേഷൻ എന്നീ വ്യവസായങ്ങളുടെ വളർച്ചയിലൂടെ വൈജ്ഞാനിക സമ്പദ് ഘടനയുടെ വികസനം സാധ്യമാകും. വൈജ്ഞാനിക വ്യവസായ മേഖലയിലുള്ള ഇടപെടലുകൾ കൂടിചേരുമ്പോൾ ചിത്രം പൂർണ്ണമാകും. ഗ്രാഫീൻ, ജീനോം ഡേറ്റാ സെന്റർ, മൈക്രോബയോം, ന്യൂട്രാസ്യൂട്ടിക്കൽസ് കേരളാ മെഡിക്കൽ ടെക്നോളജി കൺസോർഷ്യം തുടങ്ങിയവയെല്ലാം ഈ മേഖലയിലെ ഇടപെടലുകളാണ്. |

സെക്ഷൻ ഓഫീസർ